# കയ്യക്ഷരത്തിലെ കയ്യൊപ്പുകൾ

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, ***D.Sc., Ph.D.***]

കയ്യക്ഷരവിദഗ്ദ്ധൻ –
സ്കൂളിൻസ്പെക്ടർ –
നീലമഷിയിലാഴ്ന്ന
അക്ഷരക്കൂട്ടമിനുപ്പ്
കടക്കൺമുനകൊണ്ടൊപ്പി:
സ്ഥലലാഭലബ്ധിക്കു
വരയ്ക്കാത്ത നോട്ടുബുക്കിൽ
കുരുടിപ്പിച്ച വാക്കാൽ
രേഖയാക്കുന്നോരെ
നോക്കാൽ തടവി
കടലാസ്സിലാക്കി –
"കൊച്ചുകാര്യം മാത്രം
ചിന്തിക്കും തമ്പുരാക്കൾ!"

ഖിന്നനാം പാഠകഗുരു
കൂത്തരുതാത്തോർക്ക്
"വലിയക്ഷര മാഹാത്മ്യ-"
ഖണ്ഡകാവ്യസൂക്തം
ബോധവൽക്കരണസ്സൂത്ര-
ക്കുട്ടിത്ത രചനയാക്കി.

വേനലവധിക്കു പിമ്പ്
"വീണ്ടും കാണാം" കരാറിൽ
ഉല്ലംഘന നാട്യത്തിൽ

സ്കൂളിൻസ്പെക്ടർ
ചോപ്പക്ഷരം നിറച്ചു –
“ബാഹ്യപ്രകടനത്തിൽ
ആഴമറിയാത്തോർ!”

കർത്തവ്യം മറക്കാത്ത
ഇതികർത്തവ്യതാവ്യഥയിൽ
മൂകനാം അദ്ധ്യാപകഗുരു
“വേനലിലെ വല്യക്ഷരവിന”യെന്ന
പുതുവിഷയ പൊതുവിഷയം
പുതുവർഷ വാസരത്തിൽ
മഴവെള്ളപ്പാച്ചലിൽ
ഉപന്യാസ മത്സരമാക്കി:

*അക്ഷരം ചേർത്തുവായ്പാടാ-*
*ന്നറിയാത്ത കുട്ട്യോളും*
*അർത്ഥമറിയാപ്പുസ്തകം*
*തോളിലേറ്റ്യോരും*,
വർണ്ണ,ജാതി,യെണ്ണ,ലിംഗഭേദ-
മറിയായ്കയിൽ,
ഒരേ സ്വരശ്വാസത്തിൽ
അക്ഷരം മറക്കുന്ന
അർത്ഥാന്തരം മറയ്ക്കുന്ന
അർത്ഥപ്പലിശയില്ലാത്ത
വേനലവധിയിലെ
ഉല്ലാസപ്പയണം
വിചിത്രരൂപച്ചിത്തത്തിൽ
ലേഖന ചലച്ചിത്രമാക്കി.
*******************************************************